# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.248    28.01.2014 -ലെ മറുപടിക്ക്.**

**ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>" കെ. അച്ചുതൻ<br>" വർക്കല കഹാർ<br>" കെ. ശിവദാസൻ നായർ | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേരള സ്കൂൾ കരിക്കുലം, 2013-ന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണം നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി 2014 ജൂൺ മുതൽ നിലവിൽ വരത്തക്കവിധം പതിനൊന്നാം ക്ലാസിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. 39-ാ മത് കരിക്കുലം കമ്മിറ്റി 2014-15 അധ്യയന വർഷം, പതിനൊന്നാം ക്ലാസിൽ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ നടപ്പാക്കുന്നതിന് വേണ്ട അക്കാദമിക പ്രവർത്തനങ്ങൾ നടത്താൻ എസ്.സി.ഇ.ആർ.ടി യ്ക്ക് അനുമതി നൽകിയിരുന്നു. ഇത് കൂടാതെ 09/01/2014-ന് ചേർന്ന 41-ാം കരിക്കുലം കമ്മിറ്റി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ 11-ാം ക്ലാസിലെ 37 പാഠപുസ്തകങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്തു. |
| (സി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ; | (സി) അതാത് വിഷയങ്ങളിലെ ദേശീയ തലത്തിലും പ്രദേശിക തലത്തിലുമുള്ള യൂണിവേഴ്സിറ്റി, കോളേജ് എന്നിവയിലെ വിദഗ്ധർ, ഹയർസെക്കന്ററി അധ്യാപകർ, തുടങ്ങിയവർ പങ്കെടുത്ത എസ്.സി.ഇ.ആർ.ടി യുടെ വിവിധ ശില്പശാലകളിലാണ് ഈ പുസ്തകങ്ങൾ തയ്യാറാക്കിയത്. |

| | |
|---|---|
| (ഡി) എന്നുമുതലാണ് പുതിയ പാഠപുസ്തകങ്ങൾ പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത്? | (ഡി) 2014-15 അധ്യയന വർഷം മുതൽ 11-ാം ക്ലാസിൽ പുതിയ പാഠപുസ്തകങ്ങൾ പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നു. |

സെക്ഷൻ ആഫീസർ